(ഇ) ചോദ്യം ഉദിക്കുന്നില്ല.

115 (1162) കൃഷിവകുപ്പിന് കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങൾ

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിൽ എത്ര ഗവേഷണ കേന്ദ്രങ്ങളുണ്ട്;

(ബി) ഈ കേന്ദ്രങ്ങളിൽ എന്തെല്ലാം വിധത്തിലുള്ള ഗവേഷണങ്ങളാണ് നടന്നുവരുന്നത്;

(സി) ഇതിന്റെ ഫലമായി കൃഷിസംബന്ധമായ എന്തെല്ലാം അറിവുകൾ കർഷകർക്ക് പകർന്നുകൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷിവകുപ്പിന്റെ കീഴിൽ ഗവേഷണകേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഇരുപത്തിയൊൻപതു (29) ഗവേഷണകേന്ദ്രങ്ങളുണ്ട്.

(ബി) ഈ കേന്ദ്രങ്ങളിൽ കേരളത്തിലെ വിവിധ കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവിനും അത്യുൽപ്പാദനശേഷിയുള്ള വിത്ത്, നടീൽവസ്തുക്കൾ എന്നിവ ഉരുത്തിരിച്ചെടുക്കുന്നതിനും പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പഠന ഗവേഷണ പരിപാടി ഏറ്റെടുത്തിട്ടുള്ളത്.

(സി) കേരള കാർഷിക സർവകലാശാല 1972-ൽ നിലവിൽവന്നശേഷം വിവിധ വിളകളിലായി 88 പുതിയ ഇനങ്ങൾ ഉരുത്തിരിച്ചെടുക്കുകയും കർഷകർക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാർഷികസർവകലാശാലയുടെയും കേരളത്തിലെ ഇതര കാർഷികസ്ഥാപനങ്ങളുടെയും ഗവേഷണഫലങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ശുപാർശരൂപേണ പുറത്തിറക്കുന്ന 'പാക്കേജ് ഓഫ് പ്രാക്ടീസസ് റെക്കമെന്റേഷൻസ്' എന്ന പുസ്തകമുൾപ്പെടെ വിവിധ പ്രസിദ്ധീകരണങ്ങൾ 'കല്പധേനു' എന്ന ത്രൈമാസിക, റോഡിയോ, ടെലിവിഷൻ, വർത്തമാന പത്രങ്ങൾ ഇവയിൽ വാർത്ത നൽകുന്നതിനും പൊതു ജനങ്ങളുടെ സംശയങ്ങൾക്ക് നേരിട്ട് മറുപടി നൽകുന്നതിനുമായി ഇൻഫർമേഷൻ യൂണിറ്റ്, പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് എക്സിബിഷൻ യൂണിറ്റ്, ഫാം അഡ്വൈസറി സർവീസ്, ഗ്രാമം ദത്തെടുക്കൽ പരിപാടി, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ, പരിശീലനപരിപാടികൾ സംഘടിപ്പിക്കുവാൻ പ്രത്യേക കേന്ദ്ര ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മേഖലാ ഗവേഷണ-വിജ്ഞാനവ്യാപന ഉപദേശക സമിതി ടി ആന്റ് വി വർക്ക് ഷോപ്പുകൾ ഇങ്ങനെ പല വേദികളിലൂടെ ഗവേഷണ ഫലങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നു.

116 (1163) അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിലെ തൊഴിലാളികൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly